8. പ്രാഥമിക ആരോഗ്യ കേന്ദ്രം, പുതുനഗരം

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് - 1

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 1

9. പ്രാഥമിക ആരോഗ്യ കേന്ദ്രം, വടവന്നൂർ

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് - 1

(ബി) പി.എസ്.സി.വഴി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-ക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തേണ്ട ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കും റിപ്പോർട്ട് ചെയ്ത് ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പരിയാരം സർക്കാർ ആയുർവ്വേദ കോളേജിന്റെ പ്രവർത്തനം

53 (718) ശ്രീ. വി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സർക്കാർ ആയുർവേദ കോളേജിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളാണ് നിലവിലുള്ളത് ; വിശദാംശം നൽകാമോ ; ഇവയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണ് എന്നുള്ള വിവരം നൽകാമോ ;

(ബി) പ്രസ്തുത കോളേജിൽ ഏതൊക്കെ അദ്ധ്യാപകരെയാണ് വർക്കിംഗ് അറേഞ്ച്മെന്റിന്റെ പേരിൽ സ്ഥലംമാറ്റിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദാക്കി, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിയാരം സർക്കാർ ആയുർവേദ കോളേജിലെ 56 അദ്ധ്യാപക തസ്തികകളിൽ 13 എണ്ണവും 48 അനദ്ധ്യാപക തസ്തികകളിൽ 3 എണ്ണവും ഒഴിഞ്ഞു കിടക്കുന്നു. വിശദാംശങ്ങൾ അനുബന്ധം (1)ൽ ചേർത്തിരിക്കുന്നു.*

(ബി)

1. ഡോ. ശോഭന. സി, പ്രൊഫസർ, രസശാസ്ത്ര & ഭൈഷജ്യകൽപ്പന വകുപ്പ്

2. ഡോ. ആനീ യോഹന്നാൻ, പ്രൊഫസർ, ക്രിയാശരീര വകുപ്പ്

3. ഡോ. ശ്രീജാ സുകേശൻ, പ്രൊഫസർ, ശാലാക്യതന്ത്ര വകുപ്പ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ഡോ. അനില. എം., അസിസ്റ്റന്റ് പ്രൊഫസർ, പ്രസൂതിതന്ത്ര വകുപ്പ്

5. ഡോ. രഞ്ജുമോൾ. വി. എസ്., അസിസ്റ്റന്റ് പ്രൊഫസർ, സ്വസ്ഥവൃത്ത വകുപ്പ് .

വിശദാംശങ്ങൾ അനുബന്ധം (2) ൽ ചേർത്തിരിക്കുന്നു.*

(സി) പരിശോധിച്ചുവരുന്നു.

മഴക്കാല രോഗപ്രതിരോധം

54 (719) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാല രോഗപ്രതിരോധത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ആയതിനായി ഏതൊക്കെ വിഭാഗങ്ങളുടെ സേവനമാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) കോഴിക്കോട് ജില്ലയിൽ ചിക്കൻഗുനിയ, ഡെങ്കിപ്പനി ഉൾപ്പെടെയുള്ളവ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) സംസ്ഥാനത്ത് ശുചീകരണ പ്രവർത്തനങ്ങൾക്കായി എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട് ; ഇവയുടെ ഏകോപനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഴക്കാല രോഗങ്ങൾ തടയുന്നതിന് ആരോഗ്യവകുപ്പ് ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കി വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുകയാണ്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതര വകുപ്പ് മന്ത്രിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 2015 ഫെബ്രുവരി 10-ാം തീയതി ഉന്നതതലയോഗംകൂടി ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന കർമ്മപരിപാടികളെപ്പറ്റി ചർച്ച ചെയ്ത് അന്തിമ രൂപം നൽകി. ജില്ലാ തലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും നഗരസഭ/പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ആലോചനായോഗങ്ങൾകൂടി പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly